**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1076 | 30.09.2016-ൽ മറുപടിയ്ക്ക് |
|---|---|

**തോടുകളും ഓടകളും മാലിന്യമുക്തമാക്കുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.സുരേഷ് കുറുപ്പ്<br>ശ്രീ.എം.മുകേഷ്<br>ശ്രീ.ആർ.രാജേഷ്<br>ശ്രീ.എ.പ്രദീപ് കുമാർ | | ശ്രീ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | സംസ്ഥാനത്തെ തോടുകളും ഓടകളും പ്ലാസ്റ്റിക് മാലിന്യങ്ങൾ നിറഞ്ഞ് ഒഴുക്ക് തടസ്സപ്പെട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ഇവ ശുചീകരിച്ച് മാലിന്യമുക്തമാക്കുന്നതിന് ആവിഷ്കരിക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (ബി) | ഉപയോഗിച്ച് ഉപേക്ഷിക്കുന്ന പ്ലാസ്റ്റിക് ക്യാരിബാഗുകളാണ് കൂടുതലായി ഇത്തരത്തിൽ തോടുകളുടെയും ഓടകളുടെയും ഒഴുക്ക് തടസ്സപ്പെടുത്തുന്നത്. നിലവിൽ പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവമാലിന്യങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയിൽ ശേഖരിച്ച് തരംതിരിച്ച് പുനചംക്രമണത്തിന് കൈമാറുന്ന സംവിധാനം വ്യാപകമാക്കി കൊണ്ടിരിക്കുകയാണ്. അതുപോലെ പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ വില്പനയും ഉപയോഗവും കുറയ്ക്കുന്നതിനുള്ള നിയന്ത്രണ നടപടികൾ ഗ്രാമപഞ്ചായത്ത്, നഗരസഭ, മുനിസിപ്പൽ കോർപ്പറേഷൻ സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. വരുംവർഷങ്ങളിൽ ഈ അവസ്ഥയ്ക്ക് പരിഹാരം കാണാൻ ആവുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി എല്ലാ വർഷവും സംസ്ഥാനത്ത് തോടുകളും ഓടകളും ശുചീകരിക്കുന്ന പ്രവൃത്തികൾ നടത്തിവരുന്നുണ്ട്. കൂടാതെ മണ്ണ്-ജല സംരക്ഷണ പ്രവൃത്തികൾ, പരിസ്ഥിതി സംരക്ഷണ പ്രവൃത്തികൾ, വനവത്ക്കരണ പ്രവൃത്തികൾ എന്നിവ നഗരസഭകൾ വഴി നടപ്പാക്കുന്ന അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുന്നതിന് മുൻഗണന നൽകണമെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. |
| (സി) | ഇത്തരം സ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നവരെ കണ്ടെത്തുന്നതിനും ഇവർക്കെതിരെ കർശന | (സി) | കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 219 എസ് - മാലിന്യമോ വിസർജ്ജ്യ വസ്തുക്കളോ ജലാശയങ്ങളിലും ജല സ്രോതസ്സുകളിലും നിക്ഷേപിക്കുന്നതിനെതിരെ നിരോധനം പ്രകാരം ഇപ്രകാരമുള്ള കുറ്റം കോഗ്നൈസിബിളും ജാമ്യമില്ലാത്തതുമായിരിക്കുകയും ഈ കുറ്റം ചെയ്യുന്ന ഏതൊരാളും കുറ്റസ്ഥാപനത്തിനുമേൽ പതിനായിരം രൂപയിൽ കുറയാതെയും ഇരുപത്തി അയ്യായിരം |

| | | | |
|---|---|---|---|
| | നടപടിയെടുക്കുന്നതിനും സ്വീകരിക്കുവാൻ സാധിക്കുന്ന മാർഗ്ഗങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ? | | രൂപയിൽ കഴിയാത്തതുമുള്ള പിഴയും, ആറ് മാസത്തിൽ കുറയാതെയും ഒരു വർഷത്തിൽ കവിയാതെയുമുള്ള കാലത്തേക്ക് തടവ് നൽകി ശിക്ഷിക്കപ്പെടാവുന്നതാണ് ആയത് പ്രകാരം നടപടി സ്വീകരിച്ചു വരുന്നു. ജലസ്രോതസ്സുകൾ, തോടുകൾ, കുളങ്ങൾ, ജലനിർഗ്ഗമന ചാലുകൾ എന്നിവ മലിനപ്പെടുത്തുന്നത് തടയുന്നതിന് 1994 ലെ കേരള മുനിസിപ്പൽ ആക്ടിലെ 340(2) വകുപ്പ് പ്രകാരവും 2016 ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് പ്രകാരവും നടപടികൾ സ്വീകരിക്കാവുന്നതാണ് |

സെക്ഷൻ ഓഫീസർ